# ലോക്ക് ഡൗൺ സർഗ്ഗാത്മകമാക്കി വയനാട്ടിലെ ബാലസഭയിലെ കുട്ടികൾ

വയനാട്ടിലെ ബാലസഭ അംഗങ്ങളായ കുട്ടികൾക്ക് വേണ്ടി സമൂഹമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത ചലഞ്ചുകൾ നൽകി ലോക്ക് ഡൗൺ കാലത്ത് അവരെ സജീവമാക്കുകയാണ് ജില്ലാമിഷൻ. ജില്ലയിൽ ആകെ 1210 ബാലസഭകളിലായി 17,691 കുട്ടികളാണ് അംഗങ്ങളായുള്ളത്. മാർച്ച് 24 മുതലാണ് റിസോഴ്സ് പേഴ്സൺമാർ വഴി വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് വേണ്ടി ഓരോ ദിവസവും ഓരോ ചലഞ്ചുകൾ നൽകിത്തുടങ്ങിയത്.

കുട്ടികളുടെ മാതാപിതാക്കളിൽ ആരുടെയെങ്കിലും വാട്സ്ആപ്പ് നമ്പറുകൾ മുഖേനയാണ് കുട്ടികളിലേക്ക് ചലഞ്ചുകൾ എത്തിക്കുന്നത്. ഓരോ സി.ഡി.എസിന് (കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി പഞ്ചായത്ത് തലത്തിലുള്ള അയൽക്കൂട്ടങ്ങളുടെ ഫെഡറേഷൻ) കീഴിലുമുള്ള ബാലസഭ അംഗങ്ങളായ കുട്ടികളുടെ വാട്സ്ആപ്പ് നമ്പറുകൾ ഉപയോഗപ്പെടുത്തി സി.ഡി.എസ് തല ഗ്രൂപ്പുകൾ രൂപീകരിച്ചു. സി.ഡി.എസ് അംഗങ്ങളും അക്കൗണ്ടന്റുമാരും ആർ.പി.മാരും ഈ ഗ്രൂപ്പുകളിൽ അംഗങ്ങളാണ്.

ഗ്രൂപ്പുകൾ മുഖേന ഓരോ ദിവസവും ചലഞ്ചുകൾ നൽകുന്നു. കുട്ടികൾ ബാലസഭ അംഗങ്ങളല്ലാത്ത കുട്ടികളെ കൂടി ഉൾപ്പെടുത്തി ചലഞ്ചുകൾ പൂർത്തിയാക്കുന്നു. ഇതിന്റെ ഫോട്ടോ, വീഡിയോ അല്ലെങ്കിൽ ശബ്ദസന്ദേശം എന്നിവ ഗ്രൂപ്പുകളിൽ പങ്കുവയ്ക്കുന്നു. ഇത് മുഖേന കുട്ടികൾക്ക് വിനോദത്തിനും വിജ്ഞാനത്തിനും അവസരം നൽകുകയാണ് ചെയ്യുന്നത്. ചിത്രരചന, ഫോട്ടോഗ്രാഫി മത്സരവും

പരിശീലനവും ഫോട്ടോ അടിക്കുറിപ്പ് മത്സരം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ഗൃഹാലങ്കാരം, പാട്ട് മത്സരം, പാചക മത്സരം, വീട്ടറിവ്, ജീവജലം പറവകൾക്ക്, അടുക്കളയിലെ അമ്മ, പേപ്പർക്രാഫ്റ്റ്, പരിസ്ഥിതി പഠനം, ജലസംരക്ഷണ പരിപാടികൾ, കവിതാലാപനം, കഥ അവതരണം, കഥ, കവിത, ലേഖന രചനകൾ, സാഹിത്യചർച്ചകൾ, ഓർമ്മക്കുറിപ്പ് തയ്യാറാക്കൽ, ശാസ്ത്ര കൗതുകങ്ങൾ, ഗണിത മാജിക്കുകൾ, ഹ്രസ്വ സിനിമ ഡോക്യുമെന്ററി പ്രദർശനവും ചർച്ചകളും, പ്രശ്നോത്തരികൾ, വീടൊരു ലാബ് വീട്ടിലെ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ലഘുശാസ്ത്ര പരീക്ഷണങ്ങൾ, വീട്ടിലെ ഗണിതം വീടുമായി ബന്ധപ്പെട്ട ഗണിത പ്രവർത്തനങ്ങൾ, വാർത്താ വിശകലനം... എന്നിങ്ങനെയുള്ള വിവിധ ചലഞ്ചുകളാണ് ഇങ്ങനെ നൽകിയത്.